**പി. ശ്രീരാമകൃഷ്ണൻ**
(പൊന്നാനി)

മെമ്പർ
കേരള നിയമസഭ

'നിഷാന'
എം.എൽ.എ. ക്യാമ്പ് ഓഫീസ്
ചമ്രവട്ടം ജംഗ്ഷൻ
തവനൂർ റോഡ്
പൊന്നാനി

ഫോൺ :
ഓഫീസ് : 0494-2667667
വീട് : 04933-322816
മൊബൈൽ : 9447799329

സ്ഥലം: തിരുവനന്തപുരം,
തീയതി: 10.08.2015.

## സന്ദേശം

പൊന്നാനിയുടെ ചരിത്രത്തോട് ഇഴ ചേർന്ന നിൽക്കുന്നതാണ് ഈശ്വരമംഗലം K.E.L.P. സ്കൂൾ. ആധുനിക സമൂഹത്തെ വാർത്തെടുക്കുന്നതിൽ വിദ്യഭ്യാസത്തിനുള്ള പങ്കും, ശക്തിയും നൂറ്റാണ്ടുകൾക്ക് മുന്നെ തിരിച്ചറിഞ്ഞ് 1892 ൽ മഹാനായ കൃഷ്ണൻ എഴുത്തച്ഛൻ ഗുരുകുല സമ്പ്രദായത്തിൽ തുടങ്ങിയതാണ് പ്രസ്തുത സ്കൂൾ എന്നത് വരും തലമുറയോടും പൊതുസമൂഹത്തോടും അദ്ദേഹം കാണിച്ച കരുതലും, ദൂരക്കാഴ്ചയും നമ്മെ അത്ഭുതപ്പെടുത്തുന്നു. നാട്ടിലും, മറുനാട്ടിലും ഉന്നത സ്ഥാനങ്ങൾ വഹിക്കുന്ന ഒട്ടനവധി പ്രതിഭാധനൻമാരെ വാർത്തെടുക്കുകയും, ഒരു ദേശത്തിനാകെ ദിശാബോധം നൽകുന്ന വിളക്കുമരമായി തെളിഞ്ഞു കത്തുകയും ചെയ്യുന്ന സ്കൂൾ നാടിന് മാതൃകയാണ്. എല്ലാ അർത്ഥത്തിലും മികച്ചു നിൽക്കുന്നതിനായി സമർപ്പിത മനസ്സോടെ പ്രവർത്തിക്കുന്ന സ്കൂൾ മാനേജ്മെന്റും, അദ്ധ്യാപക സുഹൃത്തുക്കളും, നാട്ടുകാരും പ്രത്യേകം പ്രശംസ അർഹിക്കുന്നു.

ലോകത്തെല്ലായിടത്തുമുള്ള പൂർവ്വ വിദ്യാർത്ഥികൾക്കും, സുഹൃത്തുക്കൾക്കും തങ്ങളുടെ മാതൃ വിദ്യാലയത്തെ അടുത്തുകാണുന്നതിന് 124-ാം വാർഷികത്തോട് അനുബന്ധിച്ച് വെബ് സൈറ്റ് തുറക്കുന്ന എന്നറിഞ്ഞതിൽ ഏറെ സന്തോഷിക്കുന്നു. പ്രിയ രാഷ്ട്രപിതാവ് മഹാത്മാ ഗാന്ധിയുടെ പ്രതിമ സ്കൂളിൽ സ്ഥാപിക്കുന്ന ഈ വേളയിൽ പുരോഗമനപരമായ എല്ലാ പ്രവർത്തനങ്ങൾക്കും പിന്തുണ അറിയിക്കുന്നതോടൊപ്പം സർവ്വവിധ ഭാവുകങ്ങളും നേരുന്നു.

സ്നേഹപൂർവ്വം,

**പി. ശ്രീരാമകൃഷ്ണൻ, എം.എൽ.എ.**